**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4406** **06-03-2023 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷാചരണത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരംഭക വർഷാചരണത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (എ) | സംരംഭക വർഷാചരണത്തിന്റെ ഭാഗമായി സംരംഭകർക്ക് ആവശ്യമായ കൈത്താങ്ങ് സഹായം നൽകുന്നതിനായി ജില്ലയിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി 56 ഇന്റേൺസിനെ നിയമിച്ചു. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്കായി ജനറൽ ഓറിയന്റേഷൻ പരിശീലനം സംഘടിപ്പിച്ചു. ഇതിനെത്തുടർന്ന് ജനപ്രതിനിധികളെയും ബാങ്ക് ഉദ്യോഗസ്ഥരെയും തദ്ദേശസ്വയംഭരണ സ്ഥാപനമേധാവികളെയും ഉൾപ്പെടുത്തി വായ്പാമേളകൾ സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കമ്മറ്റികൾ രൂപീകരിച്ചു. നിയമസഭാംഗങ്ങളുടെ നേതൃത്വത്തിൽ 4 നിയോജക മണ്ഡലങ്ങളിൽ സംരംഭകവർഷത്തിന്റെ പുരോഗതി വിലയിരുത്തി ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി പുരോഗതി പുരോഗതി അവലോകനം ചെയ്തു. ഈ പദ്ധതിയിൽ ഉൾപ്പെട്ട സംരംഭകരെ ഉൾപ്പെടുത്തി താലൂക്ക് തല വിപണനമേള സംഘടിപ്പിച്ചു. സംസ്ഥാനതലത്തിൽ നടന്ന സംരംഭക മഹാസംഗമത്തിൽ ഓരോ താലൂക്കിൽ നിന്നും ഈ പദ്ധതിയിൽ ഉൾപ്പെട്ട 74 സംരംഭകരെ പങ്കെടുപ്പിച്ചു. |

സെക്ഷൻ ഓഫീസർ